# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 05 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


### പരമ്പരാഗത കാനനപാതയൊരുങ്ങുന്നു: തിരുവാഭരണ ഘോഷയാത്ര 12ന്

മകരസംക്രമ സന്ധ്യയിൽ ഭഗവാൻ അയ്യപ്പന്റെ തിരുവിഗ്രഹത്തിൽ ചാർത്താനുള്ള തിരുവാഭരണങ്ങൾ വഹിച്ചുകൊ ുള്ള ഘോഷയാത്ര 12ന് രാവിലെ പന്തളം വലിയകോയിക്കൽ ശ്രീധർമ്മശാസ്താക്ഷേത്രത്തിൽ നിന്ന് പുറപ്പെടും. പരമ്പരാഗത കാനനപാതയിലൂടെ മൂന്നു ദിവസം കൊ ് തിരുവാഭരണങ്ങൾ ശബരിമലയിലെത്തിക്കും. ജനുവരി 14 തിങ്കളാഴ്ചയാണ് മകരവിളക്ക്. ഘോഷയാത്ര സുഗമമാക്കാൻ പരമ്പരാഗത കാനനപാതയിലെ ഒരുക്കങ്ങൾ അവസാനഘട്ടത്തിലാണ്.

മൂന്ന് പെട്ടികളാണ് ഘോഷയാത്രയായി ശബരിമലയിലേയ്ക്ക് കൊ ുവരുക. അയ്യപ്പഭഗവാന് അണിയാനുള്ള അമൂല്യരത്നങ്ങൾ പതിച്ച മാല ആടയാഭരണങ്ങൾ, തങ്കതിരുമുഖം, സ്വർണത്തിൽ തീർത്ത ആനയുടേയും പുലിയുടേയും രൂപങ്ങൾ, തങ്കചുരിക, സ്വർണത്തളിക, ശംഖ്, കണ്ഠാഭരണം, സ്വർണവാൾ തുടങ്ങിയവ അടങ്ങുന്ന തിരുവാഭരണപ്പെട്ടിയാണ് ഇവയിൽ മുന്നിൽ. കലശവും പൂജാപാത്രങ്ങളും അടങ്ങുന്ന കലശപ്പെട്ടി, മാളികപ്പുറത്ത് നിന്ന് ഭഗവാന്റെ എഴുന്നള്ളത്തിനായുള്ള കൊടിയും ജീവതയും നെറ്റിപ്പട്ടവും

ഉൾപ്പടെയുള്ള വസ്തുക്കൾ അടങ്ങിയ കൊടിപ്പെട്ടി എന്നിവയാണ് ഘോഷ യാത്രയിൽ പിന്നിലായി എത്തുക. തിരുവാഭരണപ്പെട്ടി ശ്രീകോവിലിൽ എ ത്തിച്ച് ഭഗവാന് തിരുവാഭരണങ്ങൾ ചാർത്തിയാണ് മകരസംക്രമസന്ധ്യയിൽ ദീപാരാധന നടക്കുക.

(പി.ആർ. ശബരി-404)

## സുസജ്ജമായി ആരോഗ്യകേന്ദ്രങ്ങൾ:
## ചികിത്സതേടിയത് 1,47,634 പേർ

മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ചുള്ള തീർഥാടക തിരക്ക് പരിഗ ണിച്ച് ആവശ്യമായവർക്ക് അടിയന്തിര വൈദ്യസഹായം ഉറപ്പുവരുത്താൻ സജ്ജീകരണങ്ങൾ എർപ്പെടുത്തി സന്നിധാനത്തെയും കാനനവഴികളി ലെയും ആരോഗ്യകേന്ദ്രങ്ങൾ. സന്നിധാനത്തെ സർക്കാർ ആശുപത്രി, നില യ്ക്കൽ, പമ്പ,നീലിമല,അപ്പാച്ചിമേട്,ചരൽമേട് എന്നിവിടങ്ങളിലെ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ വഴിയാണ് തീർഥാടകർക്ക് 24 മണിക്കൂർ ആരോഗ്യ സേവനം ഒരുക്കുന്നത്. എല്ലാ കേന്ദ്രങ്ങളിലും ആധുനിക ചികിത്സാ സജ്ജീ കരണങ്ങൾ ഒരുക്കിയിട്ടു ്. പമ്പമുതൽ സന്നിധാനംവരെയുള്ള ഓക്സിജൻ പാർലറുകൾ ചികിത്സാകേന്ദ്രങ്ങളായി പ്രയോജനപ്പെടുത്താവുന്ന തരത്തിൽ മെച്ചപ്പെടുത്തിയിട്ടു ്. ഹൃദ്രോഗസംബന്ധമായ പരിശോധനകൾ നടത്താനു ള്ള സജ്ജീകരണങ്ങളും ഇവിടങ്ങളിൽ ലഭ്യമാണ്. പ്രത്യേക പരിശീലനം സി ദ്ധിച്ച നഴ്സുമാരുടെ സേവനമാണ് രോഗികൾക്കായി ഒരുക്കിയിരിക്കുന്നത്.

വിദഗ്ദ ചികിത്സ വേ  വരെ മലയിറക്കി ആശുപത്രികളിലെത്തിക്കാനുള്ള ആംബുലൻസ് സൗകര്യവുമു ്. സന്നിധാനത്തെ ഇരുനിലകളിലായുള്ള സർക്കാർ ആശുപത്രിയിൽ പരിശോധനാമുറി, കാഷ്വാലിറ്റി, ഡ്രസിങ്ങ് റൂം, ഫാർമസി ഉൾപ്പടെയുള്ള സൗകര്യങ്ങളു ്. നിലവിൽ 10 ഡോക്ടർമാരും 37 മറ്റു ജീവനക്കാരുമാണ് ആശുപത്രിയിലുള്ളത്. മകരവിളക്കിനോടനുബന്ധിച്ച് മരുന്നുകൾ ആവശ്യത്തിന് കരുതിയിട്ടു  ും തിരക്ക് പരിഗണിച്ച് കൂടുതൽ ഡോക്ടർമാരെ വിന്യസിക്കുമെന്നും സന്നിധാനം ആരോഗ്യവിഭാഗം നോഡൽ ഓഫീസർ ഡോ. സുരേഷ് ബാബു പറഞ്ഞു.
മണ്ഡലകാലം ആരംഭിച്ചതുമുതൽ 1,47,634 പേർക്കാണ് ജനുവരി 3 വരെ ചി കിത്സ നൽകിയത്.
സന്നിധാനത്തെ സർക്കാർ ആശുപത്രിയിൽ ദിവസവും 1000 മുകളിൽ തീർ ഥാടകരാണ് ചികിത്സയ്ക്കെത്തുന്നത്. മകരവിളക്കിനോടനുബന്ധിച്ച് തീർഥാ ടകരുടെ എണ്ണം വർദ്ധിച്ചതിനാൽ ചികിത്സക്കെത്തുന്നവരുടെ എണ്ണത്തിൽ ഒ രാഴ്ച്ചയ്ക്കുള്ളിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടു ്. പനി,ചുമ,ഹൃദ്രോഗം ഉൾപ്പടെയുള്ള രോഗങ്ങൾക്കാണ് കൂടുതൽപേർ ചകിത്സതേടുന്നത്. 38000 പേരാണ് പനിയും ചുമയും ഉൾപ്പടെയുള്ള രോഗങ്ങളുമായെത്തിയത്. ഹൃ ദ്രോഗവുമായി ബന്ധപ്പെട്ട് 12472 പേർ ആശുപത്രികളിലെത്തി. 106 പേർ ഹൃദ യാഘാതമൂലം ചികിത്സതേടി. ഇതുവരെ 17 മരണങ്ങളാണ് രേഖപ്പെടുത്തിയി രിക്കുന്നത്.

(പി.ആർ. ശബരി-405)

## ദേശീയപണിമുടക്ക്: കെഎസ്ആർടിസി ശബരിമല സർവീസ് മുടങ്ങില്ല

ജനുവരി 8, 9 ദിവസങ്ങളിലായി നടക്കുന്ന ദേശീയപണിമുടക്കിൽ കെ.എസ്.ആർ.ടി.സിയുടെ ശബരിമല സർവീസുകൾക്ക് മുടക്കമു ാകില്ല. പമ്പയിലേക്കും തിരിച്ചും ബസുകൾ സർവീസ് നടത്തുമെന്നും പണിമുടക്ക് ശബരിമല സർവീസിനെ ബാധിക്കില്ലെന്നും പമ്പ കെഎസ്ആർടിസി അറിയിച്ചു. പമ്പയിൽനിന്ന് ശബരിമല തീർഥാടകർക്കായി ദിവസവും 350 ഓളം സർവീസുകളാണ് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലേക്കായി കെഎസ്ആർടിസി നടത്തുന്നത്. ചെങ്ങന്നൂർ, കുമളി, കോട്ടയം, എറണാംകുളം ബസ് സ്റ്റേഷനുകളിലേക്കാണ് കൂടുതൽ സർവീസുകൾ. ജനുവരി 4 ന് മാത്രം യഥാക്രമം 130,56,40,40 സർവീസുകളാണ് ഈ സ്ഥലങ്ങളിലേക്ക് നടത്തിയത്. പമ്പ നിലയ്ക്കൽ റൂട്ടിൽ മാത്രം 1300 വരെ സർവീസുകൾ എല്ലാദിവസവും കെഎസ്ആർടിസി നടത്തുന്നു ്. ഈ സർവീസുകൾ പൂൾ ചെയ്തിരിക്കുന്നതിനാൽ പണിമുടക്ക് കെഎസ്ആർടിസി സർവീസിനെ ബാധിക്കില്ല. പമ്പയിൽനിന്നും 27 സൂപ്പർഫാസ്റ്റ്, 17 സൂപ്പർ ഡീലക്സ്, 2 എക്സ്പ്രസ് ഉൾപ്പടെയുള്ള ബസുകളാണ് സർവീസ് നടത്തുന്നത്. പമ്പയിൽനിന്നുള്ള അന്തർ സംസ്ഥാന സർവീസുകളെയും പണിമുടക്ക് ബാധിക്കില്ലെന്നാണ് പ്രതീക്ഷയെന്നും പമ്പ കെഎസ്ആർടിസി അറിയിച്ചു. പളനി, തെങ്കാശി, കോയമ്പത്തൂർ, തേനി, മധുര അന്തർസംസ്ഥാന സർവീസുകളാണ് പമ്പയിൽനിന്നും കെഎസ്ആർടിസിക്കുള്ളത്.

(പി.ആർ. ശബരി-406)

## നാളെ (ജനുവരി 7) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ നാളെ (ജനുവരി 7) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: നീതി മെഡിക്കൽ സ്റ്റോർ കുമ്പഴ പത്തനംതിട്ട, അർച്ചന മെഡിക്കൽസ് കോന്നി, പഴഞ്ഞിയിൽ മെഡിക്കൽസ് കോഴഞ്ചേരി, കരുവാറ്റ മെഡിക്കൽസ് അടൂർ, വള്ളിക്കുന്നേൽ മെഡിക്കൽസ് കുളനട പന്തളം, തോംസൺ മെഡിക്കൽസ് തിരുവല്ല, ജൻ ഔഷധി മെഡിക്കൽ സ്റ്റോർ റാന്നി, നീതി മെഡിക്കൽ സ്റ്റോർ വടശേരിക്കര.

(പി.ആർ. ശബരി-407)

## മലകയറ്റം: ആരോഗ്യപ്രശ്നങ്ങളുള്ളവർ മുൻകരുതലെടുക്കണം

മകരവിളക്കിനോടനുബന്ധിച്ച് മലകയറുന്ന തീർഥാടകർക്കുള്ള മുൻകരുതൽ അറിയിപ്പുകളുമായി ആരോഗ്യവകുപ്പ്. തിരക്ക് വർധിച്ചതോടെ തീർഥാടകരിൽ ആരോഗ്യപ്രശ്നങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിലാണ് മുൻകരുതൽ നിർദേശം നൽകുന്നത്. അസുഖങ്ങളുള്ളവരും ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നവരും തിരക്കുള്ളപ്പോൾ തീർഥാടനത്തിൽനിന്ന് വിട്ട് നിൽക്കണം. സാവകാശം മാത്രമേ തീർഥാടകർ മലകയറാവൂ. കിതപ്പോ ബുദ്ധിമുട്ടോ അനുഭവപ്പെടുകയാണെങ്കിൽ നടത്തം അവസാനിപ്പിച്ച് വിശ്രമിക്കണം. ഓരോ അൻപത് മീറ്റർ ദൂരത്തിൽ വിശ്രമിക്കുന്നതാണ് നല്ലതെന്നും സന്നിധാനം സർക്കാർ ആശുപത്രിയിലെ ഡോക്ടറും ആരോഗ്യവിഭാഗം നോഡൽ ഓഫീസറുമായ ഡോ. സുരേഷ്ബാബു പറഞ്ഞു.

എതെങ്കിലും അസുഖത്തിന് ചികിത്സ നടത്തുന്നുെ ങ്കിൽ അതു സംബന്ധിച്ച രേഖകൾ തീർഥാടകർ കൈയ്യിൽ കരുതണം. ഡോക്ടർമാരുടെ നിർദേശപ്രകാരം ആവശ്യത്തിന് മരുന്നുകൾ കരുതുന്നതും നല്ലതാണ്. നിലയ്ക്കൽ, പമ്പ, നീലിമല, അപ്പാച്ചിമേട്, ചരൽമേട്, സന്നിധാനം എന്നിവിടങ്ങളിൽ അടിയന്തിര ആരോഗ്യകേന്ദ്രങ്ങൾ സജ്ജീകരിച്ചിട്ടു ്. മലകയറുന്നതിനിടയിൽ അനുഭവപ്പെടുന്ന ശാരീരിക ബുദ്ധിമുട്ടുകൾ അവഗണിക്കരുതെന്നും ഉടൻ വൈദ്യസഹായം തേടിയാൽ തീർഥാടനം സുരക്ഷിതമായി പൂർത്തിയാക്കാമെന്നും ഡോ. സുരേഷ്ബാബു പറഞ്ഞു. തീർഥാടകർ സ്വീകരിക്കേ മുൻകരുതലുകൾ സംബന്ധിച്ച് ആരോഗ്യവകുപ്പ് വിപുലമായ ബോധവൽക്കരണം നടത്തുന്നു ്. ശബരിമല തീർഥാടകരുടെ ബസുകളിൽ വനംവകുപ്പിന്റെ സഹായത്തോടെ ലഘുലേഖകളും വിതരണം ചെയ്യുന്നു ്.

(പി.ആർ. ശബരി-408)

## മകരവിളക്ക്: അഗ്നിശമന സേന കൂടുതൽ സംവിധാനമൊരുക്കും

മകരവിളക്കിനോടനുബന്ധിച്ച് സന്നിധാനത്തിന് പുറമെ മറ്റ് കേന്ദ്രങ്ങളിലും അഗ്നിശമന സേന വിപുലമായ സജ്ജീകരണങ്ങൾ ഒരുക്കും. ഞായറാഴ്ച്ച ചുമതലയേൽക്കുന്ന സംഘമാണ് പുതുതായി ഏതെല്ലാം കേന്ദ്രങ്ങളിലാണ് സേനയെ വിന്യസിക്കേ തെന്ന് തീരുമാനിക്കുക. നിലവിൽ 66 പേർ അടങ്ങിയസംഘമാണ് സന്നിധാനത്തുള്ളത്. തീപിടുത്തം, വാതകചോർച്ച എന്നിവ മൂലമു ാകുന്ന അപകടങ്ങൾ നിയന്ത്രിക്കാൻ സന്നിധാനത്ത് മാത്രം 35 ഫയർ ഹൈഡ്രന്റുകളും അഗ്നിശമനസേന സ്ഥാപിച്ചിട്ടു ്. തീപിടുത്തവും വാതക ചോർച്ചയുമു ായാൽ നിമിഷങ്ങൾക്കകം നിയന്ത്രണവിധേയമാക്കാൻ ഇതിലൂടെ സാധിക്കും. വിവിധ ജില്ലകളിൽ നിന്നും ആവശ്യമായ അഗ്നിശമന ഉപകരണങ്ങളും എത്തിച്ചിട്ടു ്. അപ്പം, അരവണ

പ്ലാന്റുകൾ, അന്നദാന മണ്ഡപം, കൊപ്രക്കളം തുടങ്ങിയ ഇടങ്ങളിലും സേന നിരീക്ഷണം ശക്തമാക്കും.

ശബരിമല പതിനെട്ടാം പടിക്ക് സമീപത്തെ ആൽമരത്തിൽ ശനിയാഴ്ച്ച രാവിലെയു ായ തീപിടുത്തം അഗ്നിശമന സേനയുടെയും പോലീസിന്റെയും സമയോചിത ഇടപെടലിലൂടെ അണച്ചു. രാവിലെ 11.30 ഓടെയാണ് ചെറിയ തോതിൽ തീപിടുത്തമു ായത്. പതിനെട്ടാം പടിക്ക് സമീപത്തെ ആഴിയിൽ നിന്ന ആൽമരത്തിന്റെ ഉണങ്ങിയ കൊമ്പുകളിലേക്ക് തീപടരുകയായിരുന്നു. അൽപസമയം തീർത്ഥാടകരെ പതിനെട്ടാം പടിയിലേക്ക് കടത്തി വിടുന്നത് നിർത്തി വെച്ചാണ് തീയണച്ചത്.

(പി.ആർ. ശബരി-409)



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 05 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

### മകരവിളക്ക്: വ്യൂ പോയിന്റുകളിലെ സുരക്ഷാസ്ഥിതി വിലയിരുത്തി

മകരവിളക്ക് മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ വ്യൂപോയിന്റുകളിൽ സുരക്ഷാ പരിശോധന നടത്തി. ജില്ലാ ദുരന്തനിവാരണം വിഭാഗം ഡെപ്യൂട്ടി കളക്ടർ എസ്. ശിവപ്രസാദ്, ദുരന്തനിവാരണം അസിസ്റ്റന്റ് പ്രൊഫസർ അമൽരാജ് എന്നിവരുടെ നേതൃത്വത്തിൽ ഫയർഫോഴ്സ്, വനം, റവന്യൂ, ഇറിഗേഷൻ, പോലീസ്, ആരോഗ്യവകുപ്പ്, ജലസേചനം തുടങ്ങിയ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പരിശോധനയിൽ പങ്കെടുത്തു. ജില്ലയിലെ പ്രധാനപ്പെട്ട മകരവിളക്ക് വ്യൂ പോയിന്റുകളായ അയ്യൻമല, നെല്ലിമല, പഞ്ഞിപ്പാറ, അട്ടത്തോട്, ഇലവുങ്കൽ, ചിറ്റാർ, ആങ്ങമൂഴി എന്നിവിടങ്ങളിൽ സംഘം സന്ദർശിച്ചു.

മകരവിളക്കിനോട് അനുബന്ധിച്ച് അയ്യപ്പഭക്തർ തമ്പടിക്കുന്ന പ്രദേശങ്ങളിൽ മുങ്ങിമരണം തുടങ്ങിയ അപകടങ്ങൾ ഒഴിവാക്കാനായി വെള്ളക്കെട്ടുള്ള സ്ഥലങ്ങളിലെ പുഴയുടെ ആഴമെത്രയെന്ന് കാണിക്കുന്ന ബോർഡുകൾ സ്ഥാപിക്കുവാനും അപകടമേഖലയെ വേർതിരിച്ച് കാണിക്കുവാനുമുള്ള നടപടി സ്വീകരിക്കാനും തീരുമാനിച്ചു. അയ്യപ്പന്മാർ

മകരജ്യോതി ദർശനത്തിനെത്തുന്ന പ്രദേശങ്ങളിലെ അഗ്നിബാധയ്ക്ക് സാധ്യതയുള്ള സ്ഥലങ്ങളിൽ പ്രത്യേകം അഗ്നിരക്ഷാസേനകളെ ഏർപ്പെടുത്തുകയും ഏതെങ്കിലും തരത്തിലുള്ള അപകടങ്ങളു ായാൽ പ്രഥമശുശ്രൂഷ നൽകുന്നതിനും അടിയന്തരവൈദ്യ സഹായം ലഭ്യമാക്കുന്നതിനും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരേയും ആംബുലൻസ് അടക്കമുള്ള സൗകര്യങ്ങളും ഏർപ്പെടുത്താനും തീരുമാനിച്ചു. വൈദ്യുതി എത്തിച്ചേരാത്ത മേഖലകളിൽ വനംവകുപ്പ് പൊലീസ്, ഫയർഫോഴ്സ് എന്നിവരുടെ കൈവശമുള്ള ആസ്ക ലൈറ്റുകൾ സ്ഥാപിക്കുന്നതിനും നിർദേശം നൽകി. അയ്യപ്പന്മാരുടെ സേവനത്തിനായി ഇവിടങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള ഒരുക്കങ്ങളും പൂർത്തിയായി.

ആവശ്യമായ സ്ഥലങ്ങളിൽ അയ്യപ്പസേവാസംഘത്തിന്റെ സഹായം തേടുമെന്ന് ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ കളക്ടർ പി.ബി.നൂഹ് അറിയിച്ചു. കളക്ടറുടെ പ്രത്യേക നിർദ്ദേശപ്രകാരമാണ് സംഘം ഇന്നലെ സന്ദർശനം നടത്തിയത്. മകരവിളക്കിന് മുമ്പ് തന്നെ പരിശീലനം ലഭിച്ച റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരെ ഈ പോയിന്റുകളിൽ ഡ്യൂട്ടിക്ക് നിയോഗിക്കുകയും നിലവിൽ നിർദ്ദേശിച്ച പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു ായെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുമെന്ന് ദുരന്തനിവാരണം ഡെപ്യൂട്ടി കളക്ടർ എസ്.ശിവപ്രസാദ് പറഞ്ഞു. ഈ ഉദ്യോഗസ്ഥർ പമ്പ, നിലയ്ക്കൽ, സന്നിധാനം എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള അടിയന്തരഘട്ട പ്രതികരണ കേന്ദ്രങ്ങളുമായി ചേർന്ന് പ്രവർത്തിക്കും.

ജില്ലാ ഫയർ ഓഫീസർ എം.ജി രാജേഷ്, അസിസ്റ്റന്റ് ഇറിഗേഷൻ എഞ്ചിനിയർ ജയകൃഷ്ണൻ, അയ്യപ്പസേവാസംഘം പ്രതിനിധി ഹരിദാസൻ നായർ, ആരോഗ്യ വകുപ്പ് പ്രതിനിധി ഡോ. ഇ. പ്രശോഭ്, ഡെപ്യൂട്ടി റെയ്ഞ്ചർ കെ.എസ് ജയൻ, കണമല ഡെപ്യൂട്ടി റെയ്ഞ്ചർ കെ. ഉദയകുമാർ, സീനിയർ ഫയർ ഓഫീസർ കമലാസനൻ, അസിസ്റ്റന്റ് കമാൻഡർ കെ. സുരേഷ്, റാന്നി-പെരുനാട് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി കെ. മോഹനൻ, പി.ഡബ്ല്യു.ഡി അസിസ്റ്റന്റ് എഞ്ചിനീയർ ടി.എസ് സുരേഷ്കുമാർ തുടങ്ങിയവർ സംഘത്തിലു ായിരുന്നു.

(പി.ആർ. ശബരി-410)

## ജനുവരി ഏഴിന് രാത്രിയിലും മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കും

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് പത്തനംതിട്ട ജില്ലയിലെ നീതി മെഡിക്കൽ സ്റ്റോർ കുമ്പഴ, അർച്ചന മെഡിക്കൽസ് കോന്നി, പഴഞ്ഞിയിൽ മെഡിക്കൽസ് കോഴഞ്ചേരി, കരുവാറ്റ മെഡിക്കൽസ് അടൂർ, വള്ളിക്കുന്നേൽ മെഡിക്കൽസ് കുളനട പന്തളം, തോംസൺ മെഡിക്കൽസ് തിരുവല്ല, ജൻ ഔഷധി മെഡിക്കൽ സ്റ്റോർ റാന്നി, നീതി മെഡിക്കൽ സ്റ്റോർ വടശേരിക്കര

എന്നീ മെഡിക്കൽ സ്റ്റോറുകൾ ജനുവരി 7 തിങ്കളാഴ്ച രാത്രിയിലും പ്രവർത്തിക്കും.

(പി.ആർ. ശബരി-407(a))


